**ആസ്ഥാനകാര്യാലയം,**
**ജയിൽ വകുപ്പ്, കേരളം**
**പൂജപ്പുര, തിരുവനന്തപുരം**

0471-2342532 keralaprisons@gov.in

## നടപടികൾ

വിഷയം : ജയിലുകൾ – ആസ്ഥാനകാര്യാലയം – ജീവനക്കാര്യം – ശ്രീമതി ആശ കെ., ക്ലാർക്ക് – സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1) 01.07.2025 അടിസ്ഥാനമാക്കിയുള്ള ക്ലാർക്ക് വിഭാഗത്തിന്റെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
2) ഈ കാര്യാലയത്തിലെ 24.06.2026, 08.07.2026, 15.07.2026 തീയതികളിലെ KPCS/2410/2026-E1 നമ്പർ നടപടിക്രമങ്ങൾ.

3) 14.08.2026-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല രജിസ്ട്രാറുടെ 4356/2025/ബി4/അഡ്മിൻ/കെ യു എച്ച് എസ് നമ്പർ കത്ത്

**ഉത്തരവ് നമ്പർ: KPCS/2410/2026-E1; തീയതി: 03-09-2026**

സീനിയർ ക്ലാർക്ക് ശ്രീ. ഹരിലാൽ എൽ. 31.05.2026-ന് സർവീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് 01.06.2026 മുതൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിരുന്നു. പ്രസ്തുത ഒഴിവിൽ ക്ലാർക്ക് ശ്രീ. രോഹിത് മുരളിക്ക് 01.06.2026 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് പരാമർശം (2)-ലെ 24.06.2026-ലെ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്.

2. തുടർന്ന്, സീനിയോറിറ്റി ക്രമപ്രകാരം ശ്രീ. മുഹമ്മദ് മുസ്തഫ കെ.-യ്ക്കും തുടർന്ന് ശ്രീ. അനീഷ് രാജിനും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് പരാമർശം (2)-ലെ യഥാക്രമം 08.07.2026, 15.07.2026 തീയതികളിലെ നടപടിക്രമങ്ങൾ പ്രകാരം ഉത്തരവായിട്ടുണ്ട്.

3. നിലവിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിൽ അന്യത്രസേവന വ്യവസ്ഥയിൽ തുടരുന്ന ശ്രീ. രോഹിത് മുരളിയെ സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിൽ നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരുന്നതിന് സർവ്വകലാശാലയ്ക്ക് എതിർപ്പില്ലെന്ന് പരാമർശം (3)-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, സീനിയർ

ക്ലാർക്ക് തസ്തികയിൽ വകുപ്പിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

4. നിലവിലുള്ള ക്ലാർക്ക് വിഭാഗത്തിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം, സീനിയോറിറ്റിയുടെയും സ്ഥാനക്കയറ്റത്തിനുള്ള യോഗ്യതയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹയായിട്ടുള്ളത് ക്ലാർക്ക് ശ്രീമതി ആശ കെ. ആണ്.

5. പ്രസ്തുത സാഹചര്യത്തിൽ, സീനിയോറിറ്റി ക്രമവും ഇതിനകം അനുവദിച്ചിട്ടുള്ള സ്ഥാനക്കയറ്റങ്ങളുടെ തുടർച്ചയും പരിഗണിച്ച്, ശ്രീ. രോഹിത് മുരളിക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ **01.06.2026** തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളതിനാൽ, അതേ തീയതി പ്രാബല്യത്തിൽ **ശ്രീ. മുഹമ്മദ് മുസ്തഫ കെ.-യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം പുനർനിശ്ചയിച്ചും,** ശ്രീ. മുഹമ്മദ് മുസ്തഫ കെ.-യ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച **08.07.2026** തീയതി പ്രാബല്യത്തിൽ **ശ്രീ. അനീഷ് രാജിന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം പുനർനിശ്ചയിച്ചും** ഉത്തരവാകുന്നു.

6. തുടർന്ന്, ശ്രീ. അനീഷ് രാജിന് സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച **15.07.2026** തീയതി പ്രാബല്യത്തിൽ, **ക്ലാർക്ക് ശ്രീമതി ആശ കെ** (PEN 833465)-യ്ക്ക് KS&SSR Part II Rule 28(b)(ii) പ്രകാരം **₹35,600-75,400/- ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം** നൽകി ഉത്തരവാകുന്നു.

7.ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

DINESH B
DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: 1) ശ്രീമതി ആശ കെ.,
ക്ലാർക്ക്,
ജയിൽ ആസ്ഥാനകാര്യാലയം.
2) ശ്രീ. മുഹമ്മദ് മുസ്തഫ കെ.,

സീനിയർ ക്ലാർക്ക്
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ.(സൂപ്രണ്ട് മുഖാന്തരം)
3) ശ്രീ. അനീഷ് രാജ്,
സീനിയർ ക്ലാർക്ക്,
ജയിൽ ആസ്ഥാനകാര്യാലയം.

പകർപ്പ്: 1) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനായി.

2) സൂപ്രണ്ട്,

സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ.

3) ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

4) ടെക്നിക്കൽ സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5) സ്റ്റോക്ക് ഫയൽ.

Digitally signed by
Dinesh Bhagavathi Pillai
Date: 03-09-2026
09:20:26